Does not arise.

The list is not complete. Government desire to publish a list which would give no scope for further complaints and objections. Government are examining the question on the basis of service rules.

In view of answer to question (a) this does not arise.

It will be published as early as possible.

സൈനിക സവ്വീസുള്ള സക്കാർ ജീവനക്കാർ

10. [21] ശ്രീ. വി. എസ്സ്. അച്യുതാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-46-നു ശേഷം സൈനിക സവ്വീസുള്ള സക്കാർ ജീവനക്കാർ എത്രപേരുണ്ട് ;

(ബി) സൈനിക സവ്വീസ് സിവിലം പെൻഷൻ ഉള്ളവരുടെ കാര്യത്തിൽ കണക്കാക്കുന്നില്ലെന്നറിയുന്നതു ശരിയാണോ ;

(സി) സൈനിക സവ്വീസ് പരിഗണിക്കുമെങ്കിൽ 1-4-1946-നു ശേഷമുള്ള സൈനിക സവ്വീസിന്റെ പെൻഷനറി ചെലവു പ്രതിരോധ വകുപ്പു വഹിക്കാമെന്നു 1-4-1964 ഇൗ 3 (71) ഇൗ ആർ (എ) 163 ഉത്തരവിൽ വ്യക്തമാക്കുന്നുണ്ടെന്നുള്ളതു ശരിയാണോ ?

(ഡി) ശരിയാണെങ്കിൽ ആ സഹായം വാങ്ങി ഇൗ വിഭാഗക്കാർക്ക് വേണ്ട ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഗവണ്മെന്റിന്റെ 24-7-1969-ലെ പി. 214 ഉത്തരവു് അനുസരിച്ചു് 1-4-1946-നു ശേഷമുള്ള സൈനിക സവ്വീസ് ചില നിബന്ധനകൾക്കു വിധേയമായി സിവിലം പെൻഷനു് കണക്കാക്കുന്നതാണു്.

(സി) പ്രസ്തുത നമ്പരും തീയതിയുമുള്ള ഉത്തരവു് കിട്ടിയിട്ടില്ല. പക്ഷെ പ്രതിരോധവകുപ്പിന്റെ 23-3-1964-ലെ 9 (1)/64/3453 (പെൻഷൻ/സവ്വീസസ്) ഉത്തരവു് സൈനിക സവ്വീസുള്ളവരുടെ പെൻഷനറി ചെലവിന്റെ വിഹിതം ആ വകുപ്പു വഹിക്കാമെന്നു വ്യക്തമാക്കിയിട്ടുണ്ടു്. ഇതിൻപ്രകാരമാണു് (ബി) ചോദ്യത്തിനുള്ള ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന ഉത്തരവു് നിലവിൽ വന്നതു്.

(ഡി) (സി) ചോദ്യത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ഇൗ ഉപചോദ്യം ഉദിക്കുന്നില്ല.

പാർട്ടുടൈം അദ്ധ്യാപകർ

11. [22] ശ്രീ. എസ്സ്. മുഹമ്മദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാർട്ടുടൈം അദ്ധ്യാപകരെ ഫുൾടൈം ആക്കുന്നതിനു് ഇൗ ഗവണ്മെന്റു് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നു് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ടു്.

(ബി) ഹൈസ്കൂൾ ക്ലാസ്സുകളിൽ മേലാൽ ഫുൾടൈം ടീച്ചർമാരുടെ തസ്തികകൾ മാത്രമേ സൃഷ്ടിക്കുകയുള്ളൂ. യു. പി. സ്കൂളുകളിൽ വേണ്ടത്ര പീരിയഡുകൾ ഉള്ള സ്ഥലത്തു് നിലവിലിരിക്കുന്ന പാർട്ടുടൈം അദ്ധ്യാപകരെ ഫുൾടൈം ആക്കാമെന്നു് ഗവണ്മെന്റു് കരുതുന്നു. ഇക്കാര്യത്തിൽ ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടു്. ഒരു പൊതു പ്രശ്നമെന്ന നിലയിൽ പാർട്ടുടൈം അദ്ധ്യാപകരെ ഫുൾടൈം ആക്കുവാനുള്ള ഒരു പദ്ധതി ഗവണ്മെന്റു് സജീവമായി പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly